Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release

17.5.2017

# വേദനിക്കുന്നവരുടെയിടയിൽ പ്രേഷിതദൗത്യം അനുപേക്ഷണീയം

കൊച്ചി: വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടാൻ വേണ്ട അതിജീവന നൈപുണ്യം സ്ത്രീകൾ കൂടുതലായി നേടേണ്ടിയിരിക്കുന്നുവെന്നും വേദനിക്കുന്നവരെ കണ്ടെത്തി അവരുടെയിടയിൽ പ്രേഷിതരായി ഇറങ്ങി ചെല്ലേണ്ടതുണ്ടെന്നും കെസിബിസി വനിതാ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ബോധിപ്പിക്കുകയുണ്ടായി.

മെയ് 16,17 തീയതികളിൽ പാലാരിവട്ടം പിഒസിയിൽ വച്ച് നടന്ന ദ്വിദിന നേതൃത്വപരിശീലന വനിതാസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കെസിബിസി വനിതാകമ്മീഷൻ സെക്രട്ടറി ശ്രീമതി ഡെൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ, ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. വിൽസൺ എലവുത്തുങ്കൽ കൂനൻ ആമുഖപ്രഭാഷണം നടത്തി. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, പ്രൊഫ. താരാ ജോൺസ്, പ്രൊഫ. എലിസബത്ത് മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി ആനി ജോസഫ്, ഡോ.ജിബി ഗീവർഗീസ്, ശ്രീമതി അൽഫോൻസാ എന്നിവർ പ്രസംഗിച്ചു. ഡോ. റോസമ്മ ഫിലിപ്പ്, ഡോ. മേരി റജീന എന്നിവർ ക്ലാസുകൾ നയിച്ചു.

അഭിവന്ദ്യ ജോസഫ് മാർ തോമസിന്റെ സമാപന സന്ദേശത്തോടുകൂടി യോഗം പര്യവസാനിച്ചു.

**ശ്രീമതി ഡെൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിൽ**

കെസിബിസി വനിതാകമ്മീഷൻ സെക്രട്ടറി

ഫോട്ടോമാറ്റർ: പിഒസിയിൽ നടന്ന ദ്വിദിന നേതൃത്വപരിശീലന വനിതാസംഗമം കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു. ഡോ.ജിബി ഗീവർഗീസ്, പ്രൊഫ. എലിസബത്ത് മാത്യു, പ്രൊഫ. താരാ ജോൺസ്, ശ്രീമതി ഡെൽസി ലൂക്കാച്ചൻ, റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഫാ. വിൽസൺ എലവുത്തുങ്കൽ കൂനൻ, ഡോ. റോസമ്മ ഫിലിപ്പ്, ഡോ. മേരി റജീന എന്നിവർ വേദിയിൽ